# കേരള കാർഷിക സർവ്വകലാശാല

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,**
**ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**
**Email: cohagmet@kau.in&kauagmet@yahoo.co.in**

**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## എറണാകുളംജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 24/2020(47), ചൊവ്വാഴ്ച — **തീയ്യതി 09.06.2020**

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 10.06.2020 | 11.06.2020 | 12.06.2020 | 13.06.2020 | 14.06.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 12 | 20 | 20 | 16 | 14 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 75 | 75 | 75 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 4 | 8 | 6 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 270 | 290 | 320 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 6 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ ചിലയിടങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. | | | | | |

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: കാർഷിക വിളകളെ മഴക്കാല രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ മതിയായ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക.** | | |
| നെല്ല് | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | വിരിപ്പു കൃഷിക്കായുള്ള ഞാറ് നാലോ അഞ്ചോ ഇല പ്രായത്തിൽ പറിച്ചു നടാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. ഇതിന് ഒരു കി.ഗ്രാം വിത്തിന് 10 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് കലക്കി സ്യൂഡോമോണാസ് ലായനി ഉണ്ടാക്കാം. |
| തെങ്ങ് | കൂമ്പുചീയൽ | മഴക്കാലമായതിനാൽ തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് 5 ഗ്രാം/ ഒരു പായ്ക്കറ്റിൽ മൂന്നു വീതം ഒരു തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. |
| വാഴ | ഇലപ്പുള്ളിരോഗം | വാഴയിലെ ഇലപ്പുള്ളിരോഗത്തിന് പ്രതിരോധ നടപടിയായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. |
| കുരുമുളക് | ദ്രുതവാട്ടം | മഴക്കാലത്ത് കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. |
| വെള്ളരിവർഗ്ഗ പച്ചക്കറികൾ | മൃദുരോമപൂപ്പ് | അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി കർസേറ്റ് എം8 3 ഗ്രാം അല്ലെങ്കിൽ ട്രൈക്കോഡർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 15 ദിവസം ഇടവിട്ട് ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കാലിതീറ്റയിൽ പൂപ്പൽ വരാതിരിക്കാൻ ശ്രദ്ധിക്കുക.വെയിലുള്ളപ്പോൾ കാലിതീറ്റ ഉണക്കി വെയ്ക്കുകയോ, അല്ലെങ്കിൽ മരത്തടിയുടെ മുകളിൽ കയറ്റിവെയ്ക്കുകയോ ചെയ്യുക. | |